**File No.FWLD-D2/260/2019-FWLD**

DFA/1418860

## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.916 30.10.2019 ന് മറുപടിയ്ക്ക്

### നാട്ടാനകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 50 വയസ്സ് തികയുന്നതിന് മുമ്പ് നാട്ടാനകൾ ചരിയുന്നുവെന്നത് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ചരിഞ്ഞ നാട്ടാനകളിൽ 50 വയസ്സ് തികയുന്നതിന് മുമ്പ് ചരിഞ്ഞ നാട്ടാനകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | 2017, 2018 എന്നീ വർഷങ്ങളിൽ എത്ര നാട്ടാനകളാണ് ചരിഞ്ഞത്; | (ബി) | 2017-ൽ 18 നാട്ടാനകളും 2018-ൽ 34 നാട്ടാനകളും ചരിഞ്ഞിട്ടുണ്ട്. |
| (സി) | വിശ്രമമില്ലാത്ത അമിത ജോലിയും പോഷകാഹാര കുറവുമാണ് നാട്ടാനകൾ ചരിയുന്നതിനുള്ള കാരണമെന്ന് എസ്.പി.സി.എ കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഈ വിഷയത്തിൽ എസ്.പി.സി.എ നടത്തിയ ഏതെങ്കിലും പഠനമോ കണ്ടെത്തലുകളോ വനം വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | നാട്ടാനകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിരന്തര പരിശോധന ഈ മേഖലയിൽ നടത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | സംസ്ഥാനത്തിലെ നാട്ടാനകളുടെ സമഗ്രമായ പരിപാലനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ 2012, സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നാട്ടാനകളുടെ പാർപ്പിക്കൽ, സംരക്ഷണവും ശുശ്രൂഷയും, തീറ്റകൊടുക്കൽ, കൊമ്പ് മുറിച്ച് ക്രമപ്പെടുത്തൽ, ജോലി വ്യവസ്ഥകൾ, ഉടമസ്ഥരുടെ കടമകളും ഉത്തരവാദിത്വങ്ങളും, ആനയെ വാഹനത്തിൽ കൊണ്ടു പോകുന്നതിനുള്ള നിബന്ധനകൾ, നാട്ടാനകൾക്കെതിരെയുള്ള ക്രൂരതകൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരുടെ മേൽ നോട്ടത്തിലുള്ള കമ്മറ്റികളുടെ രൂപീകരണം, ആനകളുടെ വിരമിക്കൽ, ചരിഞ്ഞ നാട്ടാനകളുടെ പോസ്റ്റുമോർട്ടവും ശവം മറവുചെയ്യലും തുടങ്ങി നാട്ടാനകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് ടി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ, കാലാകാലങ്ങളിൽ നാട്ടാനകളുടെ പരിപാലനത്തിൽ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി സർക്കുലറുകളും വഴി നിർദ്ദേശങ്ങളും നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് നാട്ടാനകൾക്ക് മേരെയുള്ള പീഢനം വർദ്ധിച്ചു വരുന്നതായി അനേകം പരാതികൾ ലഭിച്ച സാഹചര്യത്തിൽ നാട്ടാന പരിപാലന നിയമം കർശനമായി പരിപാലിക്കുന്നു വെന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത നാട്ടാനകളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം 01/07/2018 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ആനകളെ നിരീക്ഷിക്കുന്നതിനായി ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br><br>2018-ൽ ചരിഞ്ഞ നാട്ടാനകളുടെ മരണ കാരണങ്ങൾ പരിശോധിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും ടി സമിതിയുടെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ നാട്ടാന പരിപാലനം കൂടുതൽ കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥരും, നാട്ടാനകളുടെ ഉടമകളും, കൈവശക്കാരും, പാപ്പാന്മാരും, വനം വകുപ്പിലെ വെറ്റിനറി ഓഫീസർമാരും പാലിക്കേണ്ട കർശനമായ മാർഗ്ഗ നിർദ്ദേശങ്ങൾ, 22/01/2019-ലെ 01/2019 നമ്പർ സർക്കുലർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ച് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ